# കത്തീഡ്രൽ വോയ്സ്

തൃശ്ശൂർ ലൂർദ്ദ് മെട്രോപ്പോളിറ്റൻ കത്തീഡ്രലിന്റെ മുഖപത്രം

ഓഗസ്റ്റ് 2025




ഏവർക്കും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും
ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ



Elegance
for every occasion.

# Pride Of Fashion

Shankarayyar Junction (Jayalakshmi Silks Road)
Poothole, Thrissur
Phn: 0487 2386500, 8136971500

South Bazar (Near Puthenpalli)
High Road, Thrissur
Phn: 0487 2424200, 8304021500

PRIDE
OF FASHION
Always in style



Poothole Branch (Car Parking Available)



High-road Branch

Scan this QR code to connect with us.

BRIDAL ORNAMENTS - BRANDED COSMETICS - FANCY ACCESSORIES - DANCE ORNAMENTS

THE EDITORIAL BOARD

ചീഫ് എഡിറ്റർ:
വെ. റവ. ഫാ. ജോസ് വല്ലൂരാൻ
97 44 73 31 22
മാനേജിങ്ങ് എഡിറ്റേഴ്സ്:
റവ. ഫാ. പ്രിജോവ് വടക്കേത്തല
98 95 64 7709 082
റവ. ഫാ. ജീസ്മോൻ ചെമ്മണ്ണൂർ
96 33 82 97 62
എക്സിക്യൂട്ടീവ് എഡിറ്റർ:
പ്രൊഫ. ഡോ. കെ. എം. ഫ്രാൻസിസ്
98 46 33 05 95
അസോസിയേറ്റ് എഡിറ്റർ:
ശ്രീ. ജോസ് വാഴപ്പിള്ളി
94 46 76 67 76
സെക്രട്ടറി:
ശ്രീ. സി. ആർ. ആന്റോ
93 87 10 07 28
ട്രഷറർ:
ശ്രീ. സോണി തോമസ് കവലക്കാട്ട്
93 87 10 55 62
അംഗങ്ങൾ:
ഡോ. ജോബി കാക്കശേരി
ഡോ. ഇഗ്നേഷ്യസ് ആന്റണി
ശ്രീ. ജോഷി ചിറമ്മൽ
ശ്രീമതി അൽഫോൺസ സിംസൺ
ശ്രീ. ബോബി ചിറക്കേക്കാരൻ
സി. ദീപ വർഗ്ഗീസ് SKD (80 78 39 90 44)
സർക്കുലേഷൻ മാനേജർ:
ശ്രീ. പി.ജെ. ടോജോ (98 46 66 00 20)
നടത്തുകൈക്കാരൻ:
ശ്രീ. ജോസ് ചിറ്റാട്ടുകര
കൈക്കാരന്മാർ:
ശ്രീ. ജോജു മഞ്ഞില
ശ്രീ. തോമസ് കോനിക്കര
ശ്രീ. ലൂവി കണ്ണാത്ത്

# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയശബ്ദം | 4 |
| യുവജനങ്ങളോട് | 6 |
| ഓർമ്മിക്കാൻ ആചരിക്കാൻ | 7 |
| കുഞ്ഞുമക്കളോട് | 8 |
| വെളിച്ചം | 10 |
| സ്വാതന്ത്ര്യദിനം @ 2K25 | 12 |
| ചർച്ചാ വിഷയങ്ങൾ | 15 |
| അവയവ ദാനം, ജീവദാനം | 16 |
| INDEPENDENCE DAY REFLECTIONS | 18 |
| എന്റെ നല്ല അമ്മ | 21 |
| ഫോട്ടോഗ്രാഫി എന്ന കല | 22 |
| സമുദായ ശാക്തീകരണ സംഗമം | 28 |
| കുടുംബ കൂട്ടായ്മ വാർത്തകൾ | 30 |
| വിശ്വാസപരിശീലനം വാർത്തകൾ | 33 |
| ആഗസ്റ്റ് 18 വി. ഹെലെനാ (+328) | 36 |
| ബൈബിൾ ക്വിസ് മത്സരം | 38 |
| അടിക്കുറിപ്പ് മത്സരം | 40 |
| നിറം കൊടുക്കൽ മത്സരം | 42 |
| കുടുംബകൂട്ടായ്മകൾ | 43 |
| വചന വായനകൾ | 44 |


## തിരുക്കർമ്മ സമയം

വി.കുർബ്ബാന : ഞായർ: 6.00 a.m, 7.30 a.m. 10.30 a.m, 5.00 p.m, 7.00 p.m.
മറ്റു ദിവസങ്ങളിൽ: 6.00 a.m, 7.30 a.m, 5.00 p.m.
നിത്യസഹായമാതാവിന്റെ നൊവേന: ശനിയാഴ്ച 6.45 a.m, 8.15 a.m. 5.45 p.m.
ഉണ്ണിമിശിഹാ കപ്പേളയിൽ : വി.കുർബ്ബാന, ലദീഞ്ഞ്, നൊവേന, കുഞ്ഞുങ്ങൾക്കുള്ള ആശീർവ്വാദം
എല്ലാ മാസവും 1–ാം തിയ്യതി 7.00 p.m.

**Our Lady of Lourdes Metropolitan Cathedral**
Cathedral Road, Thrissur - 680 005 - Ph: 0487 2333995, 8547797595
e-mail: cathedralthrissur@gmail.com, Web: www.lourdescathedralthrissur.com
Printed at : Vivid Offset Printers, behind Latin Church, Thrissur-1.
(For Private Circulation only)




ദൈവം മനുഷ്യന് നൽകിയ കഴിവുകളിൽ ഏറ്റവും മഹത്തരമായത് സ്വാതന്ത്ര്യമാണ്. ഇച്ഛിക്കുന്നത് പ്രവർത്തിക്കാനുള്ള അവസരവും കഴിവും ഉണ്ടാകുന്നതാണ് സ്വാതന്ത്ര്യം. പക്ഷേ സമൂഹത്തിൽ എല്ലാവരും അവനവന്റെ ഇച്ഛ പൂർത്തീകരിക്കാൻ ശ്രമിച്ചാൽ സംഘർഷം ഉടലെടുക്കും. അതിനാൽ ഓരോ വ്യക്തിയും അവനവന്റെ ഇച്ഛ പൂർത്തീകരിച്ച് സന്തോഷിക്കാൻ ശ്രമിക്കുമ്പോൾ അപരന്റെ (സമൂഹത്തിലെ മറ്റു വ്യക്തികളുടെ) സുഖവും പരിഗണിക്കണം. ഇത്തരത്തിൽ സ്വന്തം ആഗ്രഹങ്ങളെ പരിമിതപ്പെടുത്തുമ്പോഴാണ് സ്വാതന്ത്ര്യം ഒരു സമൂഹത്തിലെ എല്ലാവർക്കും അനുഭവിക്കാൻ കഴിയുക.

സ്വാതന്ത്ര്യം യാഥാർത്ഥ്യമാകാൻ ഏതെല്ലാം കാര്യങ്ങളാണ് സ്വയം നിയന്ത്രിക്കേണ്ടത് എന്ന് രേഖപ്പെടുത്തി ഒരു സമൂഹം മുഴുവനും അത് പാലിക്കുമ്പോൾ സമൂഹത്തിലെ ഓരോ അംഗത്തിന്റേയും സമൂഹം മുഴുവന്റെയും സന്തോഷം പരമാവധിയാകുന്നു.

ഓരോ മനുഷ്യനും പരമാവധി സ്വാതന്ത്ര്യം പ്രയോഗിക്കാൻ അവസരം നൽകുന്ന വിധത്തിൽ മനുഷ്യന്റെ ആഗ്രഹങ്ങളെ നിയന്ത്രിക്കാൻ ദൈവം നൽകിയ സമ്മാനമാണ് ഭരണഘടന. ഭരണഘടനയുടെ പ്രാഗ്‌രൂപമാണ് ഇസ്രായേൽജനത്തിന് ദൈവം നൽകിയ പത്തുകല്പനകൾ. ആധുനിക ജനാധിപത്യ വ്യവസ്ഥയുടെ ആരംഭം മോസസ് നൽകിയ കല്പനകളിലും, അവ നടപ്പിലാക്കാൻ യഹൂദജനത സൃഷ്ടിച്ച ഘടനകളിലും കാണാവുന്നതാണ്.

പഴയ നിയമത്തിന്റെ മലയാളം വിവർത്തനത്തിന്റെ ആമുഖം വായിച്ചാൽ ആധുനിക ജനാധിപത്യ വ്യവസ്ഥ പഴയനിയമഗ്രന്ഥത്തിൽ ഒളിഞ്ഞുകിടക്കുന്നത് കാണാവുന്നതാണ്. പ്രസ്തുത ആമുഖത്തിൽ പഴയനിയമഗ്രന്ഥങ്ങളെ മൂന്നായി തരംതിരിക്കുന്നു. അവ പ്രബോധനപരം, പ്രവചനപരം, ചരിത്രപരം എന്നിവയാണ്. പ്രബോധകർ പുരോഹിതരാണ്, ചരിത്രം നിയന്ത്രിക്കുന്നത് രാജാക്കന്മാരാണ്. പുരോഹിതനും രാജാവും നിയമം ലംഘിക്കുമ്പോൾ അവരെ തിരുത്തുന്നതും നിയമത്തെ ആധുനികവൽക്കരിക്കുന്നതും പ്രവാചകന്മാ

രാണ്. പഴയ നിയമകാലഘട്ടത്തിൽ ഇതിലെ രണ്ടു ദൗത്യം നിറവേറ്റിയിരുന്നത് ചില പ്രത്യേക ഗോത്രങ്ങളാണ്. ലേവി ഗോത്രം പൗരോഹിത്യവും, യൂദാ ഗോത്രം രാജകീയ ദൗത്യവും നിർവ്വഹിച്ചു.

എന്നാൽ വി. പത്രോസ് ഇപ്രകാരം വിശ്വാസികളെ നോക്കി പറഞ്ഞു: നിങ്ങൾ രാജകീയ, പുരോഹിത, പ്രവാചക ഗണമാണ്. ഈ വാക്യമനുസരിച്ച് ഓരോ വിശ്വാസിയും പുരോഹിതനും രാജാവും പ്രവാചകനുമാണ്. ഈ ത്രിവിധ ദൗത്യത്തിൽ പങ്കുചേരാത്ത ഓരോ വിശ്വാസിയും ഭാഗിക വിശ്വാസികളാണ്. ഈ മൂന്ന് അടിത്തറയിലാണ് ആധുനിക ജനാധിപത്യ വ്യവസ്ഥയിൽ മൂന്ന് സ്തംഭങ്ങളുണ്ട്. അവയിൽ ആദ്യത്തേത് നിയമനിർമ്മാണം, രണ്ടാമത്തേത് നിയമനിർവ്വഹണം, മൂന്നാമത്തേത് നിയമവ്യാഖ്യാനം എന്നിവയാണ്. നിയമവ്യവസ്ഥ രേഖപ്പെടുത്തിയ ഭരണഘടനയുടെ താഴെയാണ് ഈ മൂന്ന് വിഭാഗങ്ങളും. ഭരണാധികാരികൾ നിയമവ്യവസ്ഥയുടെ മുകളിൽ തങ്ങളെതന്നെ പ്രതിഷ്ഠിക്കുമ്പോൾ ജനാധിപത്യം തകരുന്നു, സ്വേഛാധിപത്യം വളരുന്നു. അതുകൊണ്ട് മോസസ് ഇപ്രകാരം എഴുതി, ഭരണാധിപന്മാർ എല്ലാദിവസവും നിയമം വായിക്കട്ടെ. അപ്പോൾ അവർ തങ്ങളുടെ സഹോദരനേക്കാൾ ഒട്ടും വലിയവനല്ലെന്ന് മനസ്സിലാകും" (നിയമാവർത്തനം 17:19-20).

ഭരണഘടനയുടെ മുകളിൽ ദൈവം മാത്രമാണ്, ബാക്കിയെല്ലാവരും ഭരണഘടനയുടെ താഴെയാണ് എന്ന സത്യം വിസ്മരിക്കുമ്പോൾ അധികാരത്തിൽ പങ്കുചേരാത്തവർക്ക് സ്വാതന്ത്ര്യം മരീചികയാകുന്നു. ഭരണാധികാരികൾ സ്വയം ദൈവമാകുന്ന നിരീശ്വരവാദത്തിന്റെ അനന്തരഫലമെന്ന് ലിയോ പതിമൂന്നാമൻ മാർപാപ്പ സ്വാതന്ത്ര്യം സർവ്വോൽകൃഷ്ടം എന്ന ചാക്രിക ലേഖനത്തിൽ ഓർമ്മിപ്പിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ സ്വേച്ഛാധിപത്യം പുലർത്തുന്നവർ ആന്തരികമായി ദൈവനിഷേധികളാണ്.

വീണ്ടും ഒരു സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ ഭരണഘടനയുടെ അന്തഃസത്ത കാറ്റിൽ പറത്തുന്ന പുതിയ നിയമങ്ങൾ ഏത്? ഭരണാധികാരികൾ ആരാണ്? ന്യായാധിപന്മാർ ആരാണ്? നിയമം നടപ്പിലാക്കുന്ന ഭരണനിർവ്വഹണ ഉദ്യോഗസ്ഥർ ആരാണ്? എന്ന് ജാഗ്രതയോടെ നിരീക്ഷിക്കാം. അവരെ നിഷ്ക്കാസനം ചെയ്യാൻ പരിശ്രമിക്കാത്ത ഒരു വിശ്വാസി തങ്ങളുടെ പുരോഹിത, രാജകീയ പ്രവാചക ദൗത്യത്തിൽ പങ്കുചേരാത്ത അപൂർണ്ണ വ്യക്തിത്വങ്ങളാണ്. ഏവർക്കും സ്വാതന്ത്ര്യദിനത്തിന്റെ ആശംസകൾ നേരുന്നു. നമ്മുടെ പിതാമഹന്മാർ നേടിതന്ന സ്വാതന്ത്ര്യത്തിന്റെ സാധ്യതകൾ അടുത്ത തലമുറയ്ക്ക് കൈമാറാൻ നമുക്ക് ഒരു യഥാർത്ഥ പുരോഹിത, രാജകീയ പ്രവാചകഗണമായി മാറാം.

എഡിറ്റർ



ഇടയശബ്ദം

# മാതാവിൻ്റെ സ്വർഗ്ഗാരോപണതിരുനാൾ

ഭാരതത്തിലെ കത്തോലിക്ക വിശ്വാസികളെ സംബന്ധിച്ചിടത്തോളം ആഗസ്റ്റ് 15, രണ്ടുവിധത്തിൽ പ്രധാനപ്പെട്ട ദിവസമാണ്. പ. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ദിവസം.

പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ച്, 4 കാര്യങ്ങളാണ് തിരുസഭ വിശ്വാസസത്യങ്ങളായി നമ്മെ പഠിപ്പിക്കുക.

1. മറിയം ദൈവമാതാവാണ്
2. മറിയം നിത്യകന്യകയാണ്
3. മറിയം അമലോത്ഭവയാണ്
4. മറിയം സ്വർഗ്ഗാരോപിതയാണ്.

മറിയം സ്വർഗ്ഗാരോപിതയായി എന്ന് പറയുമ്പോൾ അതുകൊണ്ട് തിരുസഭ അർത്ഥമാക്കുക, മറിയത്തിന്റെ മരണശേഷം ആത്മശരീരങ്ങളോടെ ദൈവം അവളെ സ്വർഗ്ഗത്തിലേക്ക് കരേറ്റിയെന്നാണ്. ജന്മപാപം ഇല്ലാതെ ജനിച്ചവളും കർമ്മപാപത്തിന്റെ കറപുരളാതെ ജീവിച്ചവളും തന്റെ പ്രിയപുത്രന്റെ അമ്മയുമായ മറിയത്തിന്റെ ശരീരം, മരണശേഷം അഴുകിപോകാൻ അനുവദിക്കാതെ, പിതാവായ ദൈവം അവളെ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് സംവഹിച്ചു. 1950 നവംബർ 1-ാം തീയതി ഭാഗ്യസ്മരണാർഹനായ 12-ാം പീയൂസ് മാർപാപ്പ മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചു.

മനുഷ്യരെക്കുറിച്ചുള്ള സാമാന്യതത്വമനുസരിച്ച് മരണശേഷം മനുഷ്യൻ മണ്ണായി മാറും, മണ്ണായി മാറണം. "മനുഷ്യാ നീ മണ്ണാകുന്നു. മ

ണ്ണിലേക്ക് തന്നെ മടങ്ങും" എന്നാണ് തിരുവചനം പറയുക.

എന്നാൽ മരണശേഷം, മണ്ണാകാതെ ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ചിലരെക്കുറിച്ച് വി.ഗ്രന്ഥം നമ്മോടുപറയുന്നുണ്ട്.

1. ഹെനോക്ക് (ഉൽപത്തി 5:20, ഹെബ്രാ 11:5)
2. ഏലിയാ പ്രവാചകൻ (2 രാജ: 2:11)
3. മൂന്നാംസ്വർഗ്ഗം വരെ ഉയർത്തപ്പെട്ട ഒരു മനുഷ്യനെക്കുറിച്ച് വി.പൗലോസ് ശ്ലീഹാ പറയുന്നത്. (2 കൊറി 12:2)
4. യേശുവിന്റെ സ്വർഗ്ഗാരോഹണം (യോഹ 20:17)

ഹെനോക്കിനെക്കുറിച്ച് പറയുക 'ഹെനോക്ക് ദൈവത്തിന് പ്രിയങ്കരനായി ജീവിച്ചു. പിന്നെ അവനെ കണ്ടിട്ടില്ല. ദൈവം അവനെ എടുത്തു" എന്നാണ്. ഏലിയാ പ്രവാചകനെക്കുറിച്ച് വി. ഗ്രന്ഥം "ഏലിയാ ഒരു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് ഉയർന്നു"എന്നാണ് പറയുന്നത്.

മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് വി. ഗ്രന്ഥം ഒന്നും പറയുന്നില്ലെങ്കിലും അപ്പസ്തോലന്മാരുടെ വിശുദ്ധ പാരമ്പര്യത്തിൽ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് പറയുന്നത് നാം കാണുന്നുണ്ട്. "പാപത്തിന്റെ വേതനം മരണം" (റോമ 6:22) എന്നാണ് തിരുവചനം. എന്നാൽ പാപത്തിന്റെ കറപുരളാതെ ജീവിച്ച മറിയത്തെ പാപത്തിന്റെ വേതനമായ മരണം പിടികൂടിയില്ല.

മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ ആഘോഷിക്കുമ്പോൾ തിരുസഭ നമ്മോടുപറയുക, നമ്മുടെ അമ്മയായ പ. കന്യകാമറിയം ആത്മശരീര പരിശുദ്ധി പാലിച്ചതുപോലെ മക്കളായ നമ്മളും ആത്മശരീരപരിശുദ്ധി പാലിക്കണം, അതോടൊപ്പം ദൈവത്തിന്റെ ആലയമാണ് നമ്മുടെ ശരീരമെന്ന തിരിച്ചറിവ് എപ്പോഴും നമുക്കുണ്ടായിരിക്കണം എന്നാണ്. ദൈവാലയം, മനുഷ്യൻ ദൈവത്തിന് വസിക്കാൻ നിർമ്മിച്ച ആലയമാണെങ്കിൽ, മനുഷ്യശരീരം ദൈവം തനിക്കുവസിക്കുവാൻ വേണ്ടി നിർമ്മിച്ച ആലയമാണ്.

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷിക്കുന്ന അവസരത്തിൽ നമുക്ക് മാതാവിന്റെ മാദ്ധ്യസ്ഥം യാചിക്കാം. ഒപ്പം മാതാവിന്റെ മാതൃക അനുകരിക്കുവാൻ പരിശ്രമിക്കാം.

ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും ആഗസ്റ്റ് 15-ാം തീയതി നാം ആഘോഷിക്കുകയാണ്. ഈ അവസരത്തിൽ നമുക്ക് സ്വാതന്ത്ര്യം നേടിത്തരുവാൻ പീഢനങ്ങളും ക്ലേശങ്ങളും സഹിക്കുകയും ജീവത്യാഗം വരെ ചെയ്യുകയും ചെയ്ത നമ്മുടെ പൂർവ്വികരെ നമുക്ക് കൃതജ്ഞതയോടെ ഓർക്കാം. ഒപ്പം നമ്മെ ഇന്ന് നയിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ രാഷ്ട്രത്തിലെ എല്ലാ നേതാക്കന്മാരേയും പ്രത്യേകം ഓർത്തുപ്രാർത്ഥിക്കാം. ഭാരതത്തിലെ എല്ലാ ജനങ്ങളേയും ഒരേപോലെ കാണാനും, അവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാനും നമ്മുടെ നേതാക്കന്മാർക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

എല്ലാവർക്കും സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം,
വികാരിയച്ചൻ
ഫാ. ജോസ് വല്ലൂരാൻ



# എടുത്ത് വായിക്കുക

കാർത്തേജിന്റെ തെരുവുകളിലൂടെയുള്ള സഞ്ചാരം അവന് വലിയ പ്രിയമായിരുന്നു. മനിക്കേയൻ പാഷണ്ഡതയെ പുൽകി, ശിഷ്ടകാലം സുഖജീവിതത്തിൽ അഭിരമിക്കാം എന്ന് ആഗ്രഹിച്ച്, ബൗദ്ധിക തലത്തിൽ വ്യാപരിച്ചിരുന്ന അവുറേലിയസ് അഗസ്റ്റിൻ, കാലചക്രത്തിന്റെ തിരിവിൽ എല്ലാ ക്രൈസ്തവ സഭകളും അംഗീകരിക്കുന്ന വിശുദ്ധനായി മാറി. അഗസ്റ്റിന്റെ ജീവിതത്തിന്റെ രണ്ടാം പാദം നമുക്കെല്ലാവർക്കും അനുകരിക്കാവുന്ന ദൃഷ്ടാന്തമാണ്. ഏതൊരു പാപിക്കും ഒരു വിശുദ്ധനാകമെന്ന പ്രതീക്ഷയും, ഏതൊരു വിശുദ്ധനും അത്രകണ്ട് ശുഭകരമല്ലാത്ത ഭൂതകാലവും ഉണ്ടെന്ന് അഗസ്റ്റിൻ തന്നെ ജീവിതത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്.

എടുത്ത് വായിക്കുക എന്ന ശബ്ദം അഗസ്റ്റിനെ കൊണ്ട് എത്തിച്ചത് പുതിയ ജീവിതത്തിന്റെ വഴികളിലേക്കുള്ള വാതിൽ തുറക്കലുകളിലേക്കായിരുന്നു. അന്ധകാരം നിറഞ്ഞ ജീവിതത്തിൽ നിന്നും ധവളിതമായ ഒന്നിലേക്കുള്ള താക്കോൽ ദാനചടങ്ങായിരുന്നു അവിടെ നടന്നത്. പാപത്തിനോട് ഐക്യം പ്രഖ്യാപിച്ചത് വിനയായി പോയെന്ന് ഇപ്പോഴെങ്കിലും വീണ്ടുവിചാരം നടത്തുന്നവർ ഉണ്ടെങ്കിൽ ഒന്ന് ശ്രദ്ധിക്കണേ, അഗസ്റ്റിൻ വലിയൊരു പ്രത്യാശയാണ്. മാനസാന്തരം വന്ന ഒരു മനുഷ്യവ്യക്തി എന്നതിലുപരി അഗസ്റ്റിൻ എന്നത് ഒരു നിലപാടാണ് നാമോരോരുത്തരും ജീവിതത്തിൽ സ്വീകരിക്കേണ്ട വലിയ നിലപാട്.

ദൈവത്തിന് വിധേയപ്പെടലാണ് യഥാർത്ഥ സ്വാതന്ത്ര്യമെന്ന് വിജ്ഞാനിയായ ആ വിശുദ്ധൻ മനസ്സിലാക്കിയിരുന്നു. അതിനാലാണ്

ആ അധരം ഇങ്ങനെ മൊഴിഞ്ഞത്: 'നിന്നിൽ എത്തിച്ചേരുവോളം എന്റെ ആത്മാവ് അസ്വസ്ഥമാണ്.'

പ്രിയരേ, യഥാർത്ഥത്തിൽ നാം സ്വാതന്ത്ര്യം അനുഭവിക്കുന്നത് പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ചവന് നമ്മെ തന്നെ സമർപ്പിക്കുന്ന നിമിഷത്തിൽ അല്ലേ. പീറ്റർ ബർണാർദിനോട് സുല്ലിട്ട് എനിക്ക് ഇനി ഒരു അപ്പനേ ഉള്ളൂ  അത് സ്വർഗ്ഗത്തിലെ അപ്പനാണ് എന്ന് ഫ്രാൻസിസ് പറഞ്ഞത് മേൽപ്പറഞ്ഞ സൂത്രവാക്യം അവന് ബോധ്യമായതിനാലാണ്.

ഈ വരികളിലൂടെ അലസമായോ ആർത്തിയോടെയോ കണ്ണോടിക്കുന്ന പ്രിയ അനുവാചക മനസ്സേ... ചില രാത്രികളോടും അതിന്റെ പ്രവർത്തനങ്ങളോടും ഇനി അരുത് എന്ന് പറയേണ്ട സമയവും; ചില പകലുകളിലേക്കും അതിന്റെ പുണ്യ വ്യാപാരങ്ങളിലേക്കും നാം കടക്കേണ്ട സമയവും അതിക്രമിച്ചിരിക്കുന്നു. അഗസ്റ്റിനെ അസ്വസ്ഥപ്പെടുത്തിയ ആ ശബ്ദം ഒരുപക്ഷേ നിന്റെ ഹൃദയത്തിലും മുഴങ്ങുന്നുണ്ടാകും 'എടുത്തു വായിക്കുക.'

**പ്രിജോവച്ചൻ**

## ഓർമ്മിക്കാൻ ആചരിക്കാൻ

### ആഗസ്റ്റ് 2025

| | | |
|---|---|---|
| 1 | വെള്ളി | ആദ്യവെള്ളി (പതിനഞ്ചുനോമ്പാരംഭം)<br>ഉണ്ണിമിശിഹ കപ്പേളയിൽ വിശുദ്ധ കുർബ്ബാന, ലദീഞ്ഞ്, നൊവേന,<br>കുഞ്ഞുങ്ങൾക്കുള്ള ആശീർവ്വാദം<br>സിസിബിസിലെ വിശുദ്ധ യാക്കോബ്<br>വിശുദ്ധ അൽഫോൻസ് ലിഗോരി |
| 4 | തിങ്കൾ | വിശുദ്ധ ജോൺ മരിയ വിയാനി |
| 6 | ബുധൻ | നമ്മുടെ കർത്താവീശോ മിശിഹായുടെ രൂപാന്തീകരണം |
| 8 | വെള്ളി | വിശുദ്ധ ഡൊമിനിക് |
| 11 | തിങ്കൾ | വിശുദ്ധ ക്ലാര |
| 14 | വ്യാഴം | വിശുദ്ധ മാക്സിമില്യൻ കോൾബേ |
| 15 | വെള്ളി | പരിശുദ്ധ കന്യാകമറിയത്തിന്റെ സ്വർഗാരോപണം<br>ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 21 | വ്യാഴം | വിശുദ്ധ പത്താം പീയൂസ് മാർപാപ്പ |
| 23 | ശനി | വിശുദ്ധ ബർത്തലോമിയോ ശ്ലീഹ |
| 28 | വ്യാഴം | വിശുദ്ധ അഗസ്റ്റിൻ |
| 29 | വെള്ളി | വിശുദ്ധ ശ്മോനിയും ഏഴുമക്കളും<br>വിശുദ്ധ എവുപ്രാസ്യ |



കുഞ്ഞുമക്കളോട്...



# സ്വാതന്ത്ര്യത്തോടെ...

കൂട്ടുകാരേ,

എല്ലാവർക്കുംസുഖമല്ലേ... ആഗസ്റ്റ് 15 നാം ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും ഒപ്പം പരിശുദ്ധ കന്യാകമറിയത്തിന്റെ സ്വർഗാരോപണത്തിരുനാളും ആഘോഷിക്കുകയാണല്ലോ. ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിലായിരുന്ന ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി കഠിനാധ്വാനം ചെയ്ത, ജീവൻ സമർപ്പിച്ച സ്വാതന്ത്ര്യ സമര സേനാനികളെ, പ്രത്യേകിച്ച് രാഷ്ട്രപിതാവായ മഹാത്മജിയെ നാമിന്ന് നന്ദിയോടെ ഓർക്കുകയാണ്. സ്വാതന്ത്ര്യത്തിന്റെ മൂല്യം അറിഞ്ഞതു കൊണ്ടു തന്നെയാണ് സ്വാതന്ത്ര്യ സമര സേനാനികൾ ജീവൻ കൊടുത്തും സ്വാതന്ത്ര്യം നേടാൻ ഇറങ്ങിപ്പുറപ്പെട്ടത്.

മറ്റു രാജ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ നാം രാഷ്ട്രീയ സ്വാതന്ത്ര്യം അനുഭവിക്കുന്നവരാണ്. എന്നാൽ, ഭാരതം ഇന്ന് യഥാർത്ഥത്തിൽ സ്വാതന്ത്രയാണോ? ശ്വാസം മുട്ടിക്കുന്ന അനിശ്ചിതത്വങ്ങളും രാഷ്ട്രീയ ആശങ്കകളും പെരുകുമ്പോൾ, ഭരണാധികാരികൾ ജനങ്ങളുടെ ദുഃഖത്തിനും ദുരിതങ്ങൾക്കുമെതിരെ കണ്ണടയ്ക്കുമ്പോൾ, അന്തസ്സോടെയും, ആത്മാഭിമാനത്തോടെയും ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെടുമ്പോൾ, വിവിധ തിന്മകൾക്ക് ഭരണാധികാരികൾ കൂട്ട് നിൽക്കുമ്പോൾ, തങ്ങൾക്കിഷ്ടമില്ലാത്തവരെയും സത്യം വിളിച്ചു പറയുന്നവരെയും രാജ്യദ്രോഹികൾ എന്ന് മുദ്ര കുത്തുമ്പോൾ, പാർലമെന്റിലും മറ്റും ജനാധിപത്യം അട്ടിമറിക്കപ്പെടുമ്പോൾ ഈ നാട് നമുക്ക് അന്യമായിപ്പോകുന്നോ എന്ന് നാം ഭയപ്പെടുന്നുണ്ടെങ്കിൽ എവിടെയാണ് സ്വാതന്ത്ര്യം? വലിയൊരു വൈരുധ്യം നമ്മുടെ നാട് നേരിടുന്നുണ്ട്. എല്ലാത്തരം വിഭാഗീയതയ്ക്കും മുകളിൽ ഭരണഘടനയെയും, നീതിയെയും, ജനങ്ങളുടെ ആവശ്യങ്ങളെയും പ്രതിഷ്ഠിച്ചില്ലെങ്കിൽ നമ്മുടെ സ്വാതന്ത്ര്യം ഒരിക്കൽക്കൂടി നമുക്ക് നഷ്ടമാകും. വർഗീയ, വിഭാഗീയ രാഷ്ട്രീയം കളിക്കുന്ന നേതാക്കന്മാരോടുള്ള അന്ധമായ ഭക്തിരാഷ്ട്രീയ ഭക്തി

അപകടകരമാണെന്നുകൂടി നാമോർക്കണം. അതുകൊണ്ടു ഈ സ്വാതന്ത്ര്യദിനത്തിൽ നമ്മുടെ ഭാരതത്തിനുവേണ്ടി, ഭരണാധികാരികൾക്കുവേണ്ടി, രാഷ്ട്രീയ നേതാക്കൾക്കുവേണ്ടി എല്ലാ ജനങ്ങൾക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. സ്വാതന്ത്ര്യദിനത്തിന്റെ ആശംസകൾ എല്ലാവർക്കും നേരുന്നു.

ഭാരതം ഒരോ വർഷവും സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ, സ്വാതന്ത്ര്യത്തിന്റെ ഉദാത്ത മാതൃകയായി തിരുസ്സഭ പരിശുദ്ധ കന്യകാമറിയത്തെ ഉയർത്തിക്കാട്ടുകയാണ്. ലോകത്തിന്റെ ബന്ധങ്ങളിൽ നിന്ന് അകന്നു ജീവിച്ചുകൊണ്ട്, പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽ കുടുങ്ങാതെ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ ജീവിച്ചവളാണ് പരിശുദ്ധ മറിയം. ജീവിതത്തിന്റെ സന്തോഷങ്ങളിലും, ദുഃഖങ്ങളിലും "എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു, എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ  ആനന്ദിക്കുന്നു" (ലൂക്ക 1, 46  47) എന്ന് പാടിക്കൊണ്ട് ജീവിതം സ്വാതന്ത്ര്യത്തിന്റെ ആഘോഷമാക്കിയവളാണ് പരിശുദ്ധ 'അമ്മ.

എന്താണ്സ്വാതന്ത്ര്യം? ഇഷ്ടമുള്ളത്ഇഷ്ടമുള്ളപ്പോലെചെയ്യാനുള്ളതല്ല സ്വാതന്ത്ര്യമെന്ന് പറയുന്നത്. ആത്മാഭിമാനത്തോടെചങ്കൂറ്റത്തോടെ ജീവിതത്തെ അഭിമുഖീകരിക്കുവാനുള്ള ഒരു ക്രിയാത്മക മനോഭാവമാണ്സ്വാതന്ത്ര്യമെന്നത്. എന്നുവച്ചാൽ, ദൈവത്തിൽവിശ്വസിച്ചുകൊണ്ട്, ആരുടേയും നിർബന്ധങ്ങളില്ലാതെ ജീവിതത്തിൽ തീരുമാനങ്ങളെടുക്കുവാൻ സാധിക്കുക; എന്നിട്ട്, എടുക്കുന്ന തീരുമാനത്തിനനുസരിച്ച് പരാതികളില്ലാതെ, പരിഭവങ്ങളില്ലാതെ ജീവിക്കുക.

പരിശുദ്ധ അമ്മയെ നോക്കൂ...ഈശോയുടെ അമ്മയാകുവാൻ തയ്യാറാണോ എന്ന ചോദ്യവുമായി സ്വർഗം അമ്മയുടെ മുൻപിൽവന്നു നിന്നപ്പോൾആരുടേയും നിർബന്ധങ്ങളില്ലാതെ, സംശയങ്ങളില്ലാതെ ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് പരിശുദ്ധ 'അമ്മ തീരുമാനമെടുക്കുകയാണ്. പിന്നീട് എടുത്ത തീരുമാനങ്ങളുടെ  അനന്തരഫലങ്ങളെയും അവൾ പിറുപിറുപ്പുകൂടാതെ, പരാതികളില്ലാതെ, പരിഭവമൊന്നുമില്ലാതെ നല്ല മനസ്സോടെ സ്വീകരിക്കുകയാണ്.

പരിശുദ്ധ അമ്മയെപ്പോലെ ആധ്യാത്മിക സ്വാതന്ത്ര്യം അനുഭവിക്കുന്നവർക്കേ, രാഷ്ട്രീയ, സാമൂഹിക സാംസ്കാരിക സ്വാതന്ത്ര്യം അനുഭവിക്കുവാനും, മറ്റുള്ളവർക്ക് അത് നൽകാനും കഴിയൂ. പരിശുദ്ധ അമ്മയുടെ സ്വർഗാരോപണത്തിരുനാൾ ആഘോഷിക്കുമ്പോൾ ആധ്യാത്മിക സ്വാതന്ത്ര്യത്തിലേക്കാണ്, ദൈവ മക്കളുടെ സ്വാതന്ത്ര്യത്തിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത് എന്ന് നമുക്ക് ഓർക്കാം.

സ്നേഹമുള്ളവരേ, അതെ, പരിശുദ്ധ അമ്മയെപ്പോലെ ആധ്യാത്മിക സ്വാതന്ത്ര്യം അനുഭവിക്കുന്ന, അതുവഴി രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെടുക്കുന്നവരായി മാറുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. അതിർത്തികളില്ലാത്ത സ്വാതന്ത്ര്യത്തിൽ നമുക്ക് വിശ്വസിക്കാം. എല്ലാവർക്കും ഒരിക്കൽക്കൂടി, മാതാവിന്റെ സ്വർഗാരോപണത്തിരുനാളിന്റെയും, ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ നേരുന്നു.

ഒത്തിരി സ്നേഹത്തോടെ
ഫാ. ജീസ്മോൻ ചെമ്മണ്ണൂർ





# വെളിച്ചം

ആരും ശ്രദ്ധിക്കപ്പെടാതിരുന്ന ഒരു സ്ഥലമായിരുന്നു അത്. പ്രകാശം കുറഞ്ഞ തിന്മകൾ ഏറെ ഉണ്ടായിരുന്ന ഒരു ഗ്രാമം, ഫ്രാൻസിലെ ആർസ് എന്ന കൊച്ചു ഗ്രമം. അവിടെ ഒരു കൊച്ചുപള്ളിയും ഉണ്ടായിരുന്നു. വെളിച്ചമില്ലാത്ത അവസ്ഥയാണ് ഇരുട്ട്. എല്ലാ അർത്ഥത്തിലും ആർസ് ഇരുട്ടിലായിരുന്നു. ആദ്യാത്മികമായും ഭൗതികമായും വളരെ പുറകിലായിരുന്ന ആ ഇടവകയിലേക്കായിരുന്നു ഉള്ളിൽ വെളിച്ചമുള്ള ആ വൈദികൻ കടന്നു വരുന്നത്. ഈശോ ലോകത്തിന്റെ പ്രകാശമാണെന്ന് വിശ്വസിച്ച് മറ്റുള്ളവർക്ക് പ്രകാശമാകാൻ തയ്യാറാകുന്നവരുടെ കൂടെ സ്വർഗ്ഗം മുഴുവനും ഉണ്ടാകുമെന്ന സത്യം തിരിച്ചറിഞ്ഞ സമയമായിരുന്നു പിന്നീടുള്ള ആർസിന്റെ ചരിത്രം. 'നീ എനിക്ക് ആർസിലേക്കുള്ള വഴി കാണിച്ചു തരുമോ, ഞാൻ നിനക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിച്ചു തരാം' എന്ന് ഒരു ബാലനോട് ചോദിച്ചു കൊണ്ട് ആർസിന്റെ മണ്ണിൽ കാലുകുത്തിയ വി. ജോൺ മരിയ വിയാനി ആർസിനെ മാറ്റിയെടുത്തു. അവിടെ വെളിച്ചം വീശി അവരെ മാനസാന്തരപ്പെടുത്തി. വിശുദ്ധ ജോൺ മരിയ വിയാനി, ആഴ്സിലെ വികാരിയച്ചൻ എന്നറിയപ്പെടുന്നു. ആർസിൽ അദ്ദേഹം ചെലവഴിച്ച ജീവിതം ലളിതവും പ്രാർത്ഥനാ നിരതവുമായിരുന്നു. അദ്ദേഹം പാവപ്പെട്ടവർക്കും രോഗികൾക്കും വേണ്ടി സ്വയം സമർപ്പിച്ചു. അദ്ദേഹത്തിന്റെ എളിമയും സ്നേഹവും നിറഞ്ഞ പെരുമാറ്റം നിരവധി ആളുകളെ ആകർഷിച്ചു. അദ്ദേഹം ഒരു നല്ല കുമ്പസാരക്കാരനും ആത്മീയ ഉപദേഷ്ടാവുമായിരുന്നു. ഒരുപാട് സമയം കുമ്പസാക്കൂട്ടിൽ ചിലവഴിച്ചിരുന്ന വിയാനിയച്ചൻ, കുമ്പസാരത്തിലൂടെ ഒരുപാട് ആത്മാക്കളെ നേടിയിട്ടുണ്ട്. 1859 ഓഗസ്റ്റ് 4-ന് അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ ഓർമ്മദിനം ഓഗസ്റ്റ് 4-ന് ആഘോഷിക്കുന്നു.

ജോൺ മരിയ വിയാനിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് എളിമയും സ്നേഹവും നിറഞ്ഞ ജീവിതം നയിക്കാനാണ്. പാവപ്പെട്ടവരെയും രോഗികളെയും സഹായിക്കാനും പ്രാർത്ഥനയിൽ മടുപ്പ് കൂടാതെ മുന്നേറാനും അദ്ദേഹം നമ്മെ പ്രചോദിപ്പിക്കുന്നു. ഉള്ളിൽ ദൈവത്തിന്റെ വെളിച്ചമുള്ളവർക്കേ മറ്റുള്ളവരെ പ്രകാശിപ്പിക്കാൻ സാധിക്കുകയുള്ളൂ. ദൈവത്തിന്റെ പ്രകാശത്തിൽ സഞ്ചരിക്കാനും മകുള്ളവർക്ക് പ്രകാശമാകാനും നമുക്ക് പരിശ്രമിക്കാം. ഇടവകവൈദികരുടെ പ്രത്യേക മദ്ധ്യസ്ഥനാണ് വി. ജോൺ മരിയ വിയാനി.

**വി. ജോൺ മരിയ വിയാനിയോടുള്ള പ്രാർത്ഥന**

ദൈവമേ,
നിന്റെ ജനങ്ങൾക്ക് ശുശ്രൂഷകരെ നൽകുവാനായി
വിശുദ്ധ ജോൺ മരിയ വിയാനിയെ അങ്ങ് നിയോഗിച്ചു;
വിശുദ്ധിയുടെ മാതൃകയായും ദൈവസ്നേഹത്തിന്റെയും ദയയുടെയും ദൂതനായും അങ്ങ് വിയാനിയെ ഉയർത്തി.

വിശുദ്ധന്റെ ഇടപെടലിലൂടെ,
ഞങ്ങൾക്കായി വിശുദ്ധ പുരോഹിതന്മാരെ നല്കണമേ.
വിശുദ്ധനെപ്പോലെ ആത്മാർഥതയും,
വിശുദ്ധ കർമ്മങ്ങളിൽ അഗാധമായ വിശ്വാസവും,
ആത്മാക്കളുടെ രക്ഷക്കായുള്ള
ആഗ്രഹവും ഞങ്ങളിൽ വളർത്തണമേ.
നീയെല്ലാ സമയം നമ്മുടെ എല്ലാ ദു:ഖങ്ങളിലും
അഭയവും ആശ്വാസവും ആകണമേ.
നിനക്ക് പ്രിയപ്പെട്ട സഭയെ നിത്യനവീകരണത്തിലേക്ക് നയിക്കണമേ.

വിശുദ്ധ ജോൺ മരിയ വിയാനിയേ,
പുരോഹിതരുടെ സംരക്ഷകനേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
ആമേൻ.

**ഡീക്കൻ ജോസഫ് ബ്രഹ്മകുളം**

# സ്കൂൾ ആശീർവാദം

## 2025 ആഗസ്റ്റ് 15

പുനഃർനിർമ്മിച്ച നമ്മുടെ ഇടവകയിലെ സെന്റ് മേരീസ് യു.പി. ലൂർദ്ദ് സ്കൂളിന്റെ ആശീർവ്വാദം ആഗസ്റ്റ് 15-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 8.45ന് തൃശൂർ അതിരൂപത അധ്യക്ഷൻ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിക്കുന്നു. ആശീർവ്വാദ തിരുകർമ്മങ്ങളിൽ പങ്കുചേരുവാൻ എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.



ഡോ. കെ.എം. ഫ്രാൻസിസ്

# സ്വാതന്ത്ര്യദിനം @ 2K25

വീണ്ടും ഒരു സ്വാതന്ത്ര്യദിനം നാം ആഘോഷിക്കുകയാണ്. ഓരോ ആഘോഷവും ഓർമ്മയാചരണമാണ്. നമ്മുടെ പിതാമഹന്മാർ എങ്ങനെയാണ് ബ്രിട്ടീഷുകാരുടേയും നാടുവാഴികളായ രാജാക്കന്മാരുടേയും അടിമത്വത്തിൽ നിന്ന് നമ്മെ രക്ഷിച്ചതെന്ന ഓർമ്മയാചരണമാണ് സ്വാതന്ത്ര്യദിനം. ഈ ഓർമ്മകൾ ലിഖിതരൂപത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണ് ചരിത്രഗ്രന്ഥങ്ങൾ. എന്നാൽ ഇത്തരം ചരിത്രരചനകൾ ചില കാഴ്ചപ്പാടുകളോടെയാണ് രചിക്കുന്നത്. ഒരേ യാഥാർത്ഥ്യത്തെ വ്യത്യസ്ത കാഴ്ചപ്പാടുകളോടെ അവതരിപ്പിക്കുമ്പോൾ നന്മ തിന്മയായി മാറും, തിന്മ നന്മയായി മാറും.

മാർക്സിസ്റ്റ് ചരിത്രരചനയും സംഘപരിവാർ ചരിത്രരചനയും ക്രൈസ്തവസമൂഹത്തെ സ്വാതന്ത്ര്യസമരത്തിന്റെ ഒറ്റുകാരായിട്ടാണ് ചിത്രീകരിക്കുന്നത്. അതുകൊണ്ടുതന്നെ ക്രൈസ്തവസമൂഹത്തിന്റെ സ്വാതന്ത്ര്യസമര പങ്കാളിത്വത്തെ ചരിത്രരചനയിൽ നിന്ന് ഒഴിവാക്കുന്ന പ്രക്രിയ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നിലനിൽക്കുന്നു. മറ്റു സമൂഹങ്ങൾ സ്വാതന്ത്ര്യം നേടിതന്നത് ഭുജിക്കുന്ന ഒരു സമൂഹമാണ് ആധുനിക ഇന്ത്യൻ ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ ക്രിസ്തുമത അനുയായികൾ ഇക്കാരണത്താൽ കേരള നവോത്ഥാനത്തിൽ നിർണ്ണായക പങ്കുവഹിച്ച ചാവറയച്ചൻ, അക്കാമ ചെറിയാൻ, ബാരിസ്റ്റർ ജോർജ് ജോസഫ് മുതലയാവർ കേരളത്തിലെ ചരിത്രപാഠപുസ്തകങ്ങളിൽ നിന്ന് ഒഴിവാക്കപ്പെട്ടു. അതേസമയം പുതിയ നിയമം മുഴുവനും തെറ്റാണെന്ന് പഠിപ്പിക്കാൻ ശ്രമിച്ച ചട്ടമ്പിസ്വാമികളെപ്പോലുള്ളവരാണ് യഥാർത്ഥ നവോത്ഥാന നായകർ എന്ന് സ്ഥാപിക്കാൻ വൃഥാ ശ്രമം നടത്തുന്നു. സ്വാതന്ത്ര്യസമരത്തിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന സംഘടനയുടെ ചരിത്രം മായ്ച്ചുകളഞ്ഞാൽ, അ

തോടൊപ്പം ക്രൈസ്തവരുടെ ചരിത്രവും മാഞ്ഞുപോകും. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യ നേതാക്കൾ ക്രൈസ്തവ പാരമ്പര്യം വഹിക്കുന്നവരായിരുന്നു.

**സ്വാതന്ത്ര്യസമരത്തിന്റെ സംഘടിതരൂപം**

ബ്രിട്ടീഷുകാർക്കെതിരെയുള്ള ഒറ്റപെട്ട ചില പോർമുഖങ്ങൾ വിവിധ നാട്ടുരാജ്യങ്ങളിലെ ജനനേതാക്കൾ നടത്തിയിരുന്നുവെങ്കിലും, അത്തരം ശ്രമങ്ങൾ ബ്രിട്ടീഷുപട്ടാളം നൈസാം രാജാവിനെപ്പോലുള്ള ചില നാട്ടുരാജ്യങ്ങളുടെ സഹായത്തോടെ അടിച്ചമർത്തി. ഇത്തരത്തിലുള്ള ജനമുന്നേറ്റങ്ങളെ ഏകോപിപ്പിച്ച് രാജ്യം മുഴുവൻ വ്യാപിപ്പിക്കാനാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന പ്രസ്ഥാനം ആരംഭിച്ചത്. 1885ലാണ് പ്രസ്തുത സംഘടന ആരംഭിക്കുന്നത്. ഈ സംഘടനയുടെ ആദ്യകാല പ്രസിഡന്റുമാരിൽ പലരും ബ്രിട്ടീഷുകാരും ക്രിസ്ത്യാനികളുമായിരുന്നു. മഹാത്മാഗാന്ധി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സാരഥിയായപ്പോഴാണ് സ്വാതന്ത്ര്യസമരത്തിന് ഇന്ത്യ മുഴുവനും വേരോട്ടമുണ്ടായത്. ഇക്കാര്യത്തിൽ അദ്ദേഹത്തെ സഹായിച്ചവരിൽ പ്രധാനികൾ സി.എഫ്. ആൻഡ്രൂസും കുമരപ്പയുമായിരുന്നു. കുമരപ്പ എന്ന പേര് കേൾക്കുമ്പോൾ ഹിന്ദുവാണെന്ന് തോന്നുമെങ്കിലും അദ്ദേഹത്തിന്റെ യഥാർത്ഥ പേര് ജോസഫ് കൊർണേയിയൂസ് കുമരപ്പ എന്നായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഉപ്പുസത്യാഗ്രഹ സമരത്തിലെ ഒരു നേതാവ് തേവർതുണ്ടിയിൽ ടൈറ്റസ് എന്ന മലയാളിയായിരുന്നു. കേരളത്തിലായിരുന്നു ന്യൂനപക്ഷമായിരുന്ന ക്രൈസ്തവ സാന്നിദ്ധ്യമുണ്ടായിരുന്നത്. ഇവിടെ ക്രൈസ്തവ സ്ഥാപനങ്ങൾ മഹാത്മാഗാന്ധിക്ക് വേദിയൊരുക്കിയത് കേരള ചരിത്രത്തിൽ ഒരിക്കലും വായിക്കാൻ കഴിയില്ല.

1924 ഒക്ടോബർ 14-ാം തിയ്യതി മഹാത്മാഗാന്ധി തൃശൂർ സെന്റ് തോമസ് കോളേജിൽ കസ്തൂർബാ ഗാന്ധിയോടൊപ്പം വരികയും പ്രസംഗിക്കുകയും ചെയ്ത വാർത്ത അന്നത്തെ പത്രങ്ങളിൽ കാണാവുന്നതാണ്. അങ്ങിനെയാണ് അനേകം ദേശീയനേതാക്കൾ തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്ന് രൂപപ്പെടാൻ ഇടയായത്. എന്നാൽ പ്രസ്തുത ചരിത്രം ചരിത്രഗ്രന്ഥങ്ങളിൽ ഇല്ല.

**ഭാഷ, എഴുത്ത്, വായന, പത്രം, സ്കൂൾ**

സ്വാതന്ത്ര്യബോധം ഒരു ജനതയുടെ ഭൂരിപക്ഷത്തിന്റെ ബോധമണ്ഡലത്തെ ഗ്രസിക്കുമ്പോഴാണ് സാമൂഹിക പരിവർത്തനം നടക്കുന്നത്. ഭാരതം മുഴുവനും പ്രസ്തുത പ്രക്രിയയ്ക്ക് തുടക്കം കുറിച്ചത് ക്രിസ്ത്യൻ മിഷണറിമാരാണ്. ക്രിസ്ത്യൻ മിഷണറിമാർ സ്ഥാപിച്ച കലാലയങ്ങളിലാണ് സ്വാതന്ത്ര്യസമരത്തിനാവശ്യമായ രാഷ്ട്രീയനേതൃത്വം രൂപപ്പെട്ടുവന്നത്. കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രിയായ ഇ.എം.എസ് നമ്പൂതിരിപ്പാട് ആദ്യമായി പുസ്തകങ്ങൾ വായിക്കാൻ തുടങ്ങിയതും, ആധുനികതയെ പരിചയപ്പെട്ടതും തൃശൂർ കോളേജിലെ പഠനകാലത്താണെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നു. സെന്റ് തോമസ് കോളേജ് എന്ന പേര് ഉച്ചരിക്കാതെയാണ് അദ്ദേഹം പ്രസ്തുത പ്രസ്താവന നടത്തുന്നത്. വായനാശീലത്തെക്കുറിച്ച് അദ്ദേഹം ആകാശവാണിയിൽ നടത്തിയ പ്രസംഗം ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

പ്രസ്തുത പ്രസംഗം സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നവർ ചെയ്ത തെറ്റാണോ ഇതെന്ന് വ്യക്തമല്ല.



ബങ്കിംചന്ദ്ര ചാറ്റർജി ഒരു നോവലെഴുതിയാലോ ടാഗോർ കവിതയെഴുതിയാലോ അത് വായിക്കാൻ ജനങ്ങളില്ലാതെ എങ്ങിനെ സാമൂഹിക പരിവർത്തനമുണ്ടാകും? ഇതിനായിട്ടാണ് മിഷനറിമാർ ആദ്യമേതന്നെ പ്രാദേശികഭാഷകളെ വികസിപ്പിച്ചത്.

അർണ്ണോസ് പാതിരി (1681–1732), ഹെർമ്മൻ ഗുണ്ടർട്ട് (1814–1893), ബഞ്ചമിൻ ബെയ്ലി (1791–1871) എന്നിവരാണ് മലയാള ഭാഷയെ സാർവ്വത്രികവൽക്കരിക്കാനും അച്ചടിയന്ത്രങ്ങൾ വ്യാപകമാക്കാനും ശ്രമിച്ചത്.

കോൺസ്റ്റന്റൈൻ ജോസഫ് ബെസ്ചി (1680–1747) എന്ന ജസ്യൂട്ട് മിഷണറി വൈദികനാണ് തമിഴ്, കന്നട, തെലുങ്ക് എന്നീ ഭാഷകളെ ശാസ്ത്രീയമായി രൂപപ്പെടുത്തിയത്. അദ്ദേഹത്തോടുള്ള നന്ദിസൂചകമായി തമിഴ്നാട്ടുകാർ അദ്ദേഹത്തിന്റെ പ്രതിമ മരീനബീച്ചിൽ സ്ഥാപിച്ചിട്ടുണ്ട്. ജോൺ ഗിൽ ക്രൈസ്റ്റ് എന്ന മിഷനറിയാണ് ഹിന്ദുസ്ഥാനി എന്ന ഭാഷ രൂപപ്പെടുത്തിയത്. അദ്ദേഹം സൃഷ്ടിച്ച ഹിന്ദുസ്ഥാനി ഭാഷ ഇന്ത്യയുടെ ഏകഭാഷയാക്കണമെന്ന് വാദിക്കുന്ന സംഘപരിവാറുകാർ അത് ശാസ്ത്രീയമായി രൂപപ്പെടുത്തിയ മിഷണറിയെ അംഗീകരിക്കുന്നില്ല.

ഭാഷ രൂപപ്പെടുത്തിയതിനുശേഷമാണ് അറിവിനെ സാർവ്വത്രികവൽക്കരിക്കാൻ മിഷണറിമാർ സ്കൂളുകൾ ആരംഭിച്ചതും, പത്രങ്ങൾ തുടങ്ങിയതും. മുതലാളിമാരുടെ വീടുകളിലോ ആശാൻ പള്ളിക്കൂടങ്ങളിലോ മാത്രം നടന്നിരുന്ന വിദ്യാഭ്യാസ പ്രക്രിയയിലേക്ക് അധഃകൃതരേയും ആദിവാസികളേയും ഉൾചേർത്തത് ക്രൈസ്തവരാണ്. ചാവറയച്ചന്റെ നേതൃത്വത്തിൽ നടന്ന സ്കൂൾ വിദ്യാഭ്യാസ വിപ്ലവത്തിലൂടെ അക്ഷരം അഭ്യസിച്ചവരാണ് പിന്നീട് സ്വാതന്ത്ര്യസമരത്തിലേക്ക് കടന്നുവന്നത്. ദീപിക, മലയാളമനോരമ മുതലായ പത്രമാധ്യമങ്ങൾ സ്വാതന്ത്ര്യചിന്ത വളർത്തി സാധാരണക്കാരനിലെത്തിച്ചു.

ബാരിസ്റ്റർ ജോർജ്ജ് ജോസഫായിരുന്നു വൈക്കം സത്യാഗ്രഹത്തിന്റെ സൂത്രധാരൻ. അക്കാമ ചെറിയാൻ, ടി.എം. വർഗ്ഗീസ്, എ.ജെ. ജോൺ, ആർ.വി. തോമസ് മുതലായ ക്രൈസ്തവ നേതാക്കളായിരുന്നു തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ നേതൃത്വം വഹിച്ചിരുന്നത്. തൃശൂർ രൂപതയിലെ വിശ്വാസിയും കത്തോലിക്കാ കോൺഗ്രസിന്റെ നേതാവുമായിരുന്ന ഷെവലിയർ സി. ജെ. വർക്കി സ്വാതന്ത്ര്യസമരസേനാനിയും മദ്രാസ് സംസ്ഥാനത്തിൽ സി. രാജഗോപാലാചാ

രിയുടെ മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രിയുമായിരുന്നു.

കേരള സാഹിത്യ അക്കാദമി രൂപം കൊണ്ടത് ക്രൈസ്തവ കരങ്ങളിലൂടെയാണ്. അന്നത്തെ എഴുത്തുകാരെ കൊച്ചിരാജ്യത്ത് സംഘടിപ്പിച്ചിരുന്നത് മാളിയേമാവ് ലോന എന്ന ലൂർദ്ദ് ഇടവകാംഗമായ വ്യക്തിയാണ്. അദ്ദേഹം നടത്തിയിരുന്ന ഭാരതവിലാസം സഭ എന്ന സംഘത്തിന്റെ ഫോട്ടോ സാഹിത്യ അക്കാദമിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇത്തരം കൂടിച്ചേരലുകൾ തിരുവിതാംകൂറിൽ നടത്തിയിരുന്നത് മനോരമ പത്രത്തിന്റെ നേതൃത്വത്തിലുള്ള ഭാഷപോഷിണി സഭയാണ്. ഇതിന്റെയും ചിത്രം സാഹിത്യ അക്കാദമിയിൽ കാണാവുന്നതാണ്.

ഇത്തരത്തിൽ ഭാഷാവികസനം, അച്ചടി, പുസ്തകപ്രകാശനം, വിദ്യാഭ്യാസത്തിന്റെ സാർവ്വത്രിക വ്യാപനം, കലാലയങ്ങളുടെ ആരംഭം മുതലായവയിലൂടെ ഭാരതത്തിലും കേരളത്തിലും സൃഷ്ടിച്ച സ്വാതന്ത്ര്യബോധത്തെയാണ് ദേശീയ നേതാക്കൾ സ്വാതന്ത്ര്യസമരമായി രൂപാന്തരപ്പെടുത്തിയത്.

ഇത്തരം പ്രക്രിയയിൽനിന്ന് ക്രൈസ്തവസമൂഹം പിന്നോട്ടു പോയി എന്നതാണ് നമ്മുടെ സമൂഹത്തിന്റെ ഇന്നത്തെ പ്രതിസന്ധിയുടെ കാരണം. നമ്മുടെ പിതാമഹന്മാരെപ്പോലെ എഴുത്ത്, പ്രസംഗം, വിദ്യാഭ്യാസം എന്നിവയിലൂടെ ലഭിച്ച സ്വാതന്ത്ര്യം നിലനിർത്താൻ നമുക്ക് പരിശ്രമിക്കാം.

## സെപ്തംബർ മാസത്തെ ചർച്ചാ വിഷയങ്ങൾ

1 യുദ്ധം മനുഷ്യവർഗ്ഗത്തിന്റെ പരാജയം
2 പരിസ്ഥിതി സൗഹൃദ ഉപഭോഗം
3 വിനോദ സഞ്ചാരവും വിജ്ഞാനവും
4 ഗ്രന്ഥശാലകൾ അറിവിന്റെ കേന്ദ്രങ്ങൾ

## ഒക്ടോബർ മാസത്തെ ചർച്ചാ വിഷയങ്ങൾ

1. വാർദ്ധക്യത്തെ നേരിടേണ്ടതെങ്ങിനെ
2. തപാൽ സംവിധാനം
3. ദേശത്തിന്റെ ഐക്യം
4. ഭക്ഷണം പാഴാക്കരുത്

**കൂടാതെ പ്രസക്തമായ ഏതു വിഷയത്തെക്കുറിച്ചും എഴുതാം**
**(എഴുതുന്നവർ A4 പേപ്പറിൽ 2 സെന്റീമീറ്ററെങ്കിലും മാർജിൻ ഇട്ട് വൃത്തിയായി, വ്യക്തമായി, എഴുതി മൊബൈൽ നമ്പർ രേഖപ്പെടുത്തി 10-ാം തിയ്യതിക്കുമുമ്പ്, കത്തീഡ്രൽ വോയ്സിന്റെ ബോക്സിൽ നിക്ഷേപിക്കുക.)**



# അവയവ ദാനം, ജീവദാനം



എ.ഡി. ഷാജു

'അമ്മെ, എന്റെ അവയവങ്ങൾ മരണശേഷം ദാനം ചെയ്യണം"

വാഹനാപകടത്തിൽ ഗുരുതര പരിക്കേറ്റ് ആസ്പത്രിയിൽ കിടക്കുമ്പോൾ നിമിഷ പറഞ്ഞ വാക്കുകൾ. രണ്ടു പേർക്ക് കാഴ്ചയും ഒപ്പം മുന്നുപേർക്ക് കരളും ഹൃദയവും പകുത്തു നൽകാൻ അവൾക്കായി. 'അവയവ ദാനം ' മഹത്തായ മാനവിക പ്രവൃത്തിയാണ്. ഇതൊരു ജീവദാനമാണ്. ദാനങ്ങളിൽ മുഖ്യവും പ്രധാനവുമാണ്. കണ്ണുകൾ, ഹൃദയം, കിഡ്നി, കരൾ, തുടങ്ങിയ അവയവങ്ങൾ ദാനം ചെയ്യുന്ന കർമ്മം മനുഷ്യ നൻമയുടെ മഹത്തര സേവനമാണ്.

അവയവ ദാനം എന്നു കേൾക്കുമ്പോൾ വെറും ശാരീരിക പ്രവൃത്തിയായി മാത്രം കാണരുത്. അത് മനുഷ്യത്വത്തിന്റെ പ്രതീകമാണ്. മഹത്തരമായ വാഗ്ദാനത്തിൽ നിന്ന് തുടങ്ങി മറ്റുള്ളവർക്ക് ജീവൻ പകർന്നു കൊടുക്കുന്ന ത്യാഗമായി എത്തിയിരിക്കുന്നു.

ഒരു ഹൃദയം നൽകുമ്പോൾ മറ്റൊരാൾക്ക് ജീവന്റെ താളം പകരുകയാണ്.

കണ്ണുകൾ അന്യന്റെ കാഴ്ചകൾക്ക് പുതുവെളിച്ചം കൊടുക്കുന്നു. അവരുടെ വാക്കുകൾ മറ്റൊരു ശ്വാസത്തിൽ പുനർജനിക്കുന്നു.

ഇന്നത്തെ സമൂഹത്തിൽ നൻമയുടെ അലിവുകൾ ഇല്ലാതാകുന്നു. എന്നാൽ അവയവങ്ങളുടെ ആവശ്യകത കൂടുന്നു. എന്തു ചെയ്യാം. അറിവിന്റെ അഭാവം, വിശ്വാസങ്ങളുടെ തെറ്റായ ധാരണ, അനാവശ്യമായ ഭയം, സമൂഹത്തിന്റെ വികലമായ കാഴ്ചപ്പാട്, നേതൃത്വത്തിന്റെ കുറവ് ഇതെല്ലാം തടസ്സമായി വരുകയാണ്. ഇവിടെയെല്ലാം കനിഞ്ഞിറങ്ങുന്ന കരുണയുടെ കടാക്ഷം വേണം.

അപ്രതീക്ഷിതമായ മരണം കുടുംബത്തിൽ സംഭവിക്കുക സ്വാഭാവികം. പിന്നീട് ഒരാൾക്ക് പ്രത്യാശയുടെ കിരണം ഉദയം നൽകാൻ ലഭിക്കുന്ന ഒരവസരമാണിത്. മരണശേഷം നമ്മുടെ അവയവങ്ങൾ ദാനം ചെയ്തു കൂടെ? ചിലർ മരണശേഷം തന്റെ ശരീരം മെഡിക്കൽ കോളേജിൽ പഠിക്കാൻ വിട്ടുകൊടുക്കാൻ സമ്മതപത്രം എഴുതി വെക്കാറുണ്ട്.

നമ്മുടെ മരണശേഷം മറ്റൊരാൾക്ക് ജീവൻ ലഭിക്കുന്ന തന്റെ തനിമ ലോകത്ത് നിലനിൽക്കുവാൻ സാധിക്കുന്ന ഒരു സത്കർമ്മം ചെയ്യാൻ ശ്രമിക്കാം. ഇത് ആത്മീയ സേവനമാണ്. ജീവകാരുണ്യ പ്രവൃത്തിയാണ്. സ്വർഗ്ഗത്തിലേക്കുള്ള വലിയ നിക്ഷേപമാണ്. ഇതിനെല്ലാം ശരിയായ ബോധവത്ക്കരണം അനിവാര്യമാണ്. ഇതുവഴി

അവയവങ്ങൾ ദാനം ലഭിച്ചവർക്കു മാത്രമല്ല അവരുടെ കുടുംബങ്ങൾക്കും വലിയ ആശ്വാസം പ്രദാനം ചെയ്യും. രോഗാവസ്ഥയിൽ നിന്ന് സ്വതന്ത്ര ജീവിതത്തിലേയ്ക്ക് കടക്കാൻ ഇതുവഴി കഴിയുന്നത് എത്രയോ ഭാഗ്യമാണ് . സഹജീവന ബോധവും സഹപ്രതിബന്ധതയും വളർത്തും. അവയവങ്ങൾ ലഭിച്ചവർക്കും ഒരു മാതൃകയായി പ്രവൃത്തിക്കാൻ അവസരമാണ്. നൻമയുടെ പ്രചാരകരും കരുണയുടെ ദൂതൻമാരുമായി ജീവിക്കാൻ പഠിക്കും. അവയവ ദാനത്തിന് ജീവിച്ചിരിക്കുമ്പോൾ പ്രതിജ്ഞയെടുക്കുമ്പോൾ തന്നെ ആത്മസന്തോഷം ലഭിക്കുന്നുണ്ട്. അന്യർക്കുള്ള ത്യാഗം ആത്മീയ സന്തോഷത്തിനും മാനസിക സന്തോഷത്തിനും വഴിയൊരുക്കുന്നുണ്ട്.

യേശുവിന്റെ സത് വചനങ്ങൾ ഹൃദയത്തോട് ചേർക്കാം. സത് പ്രവൃത്തികൾ സജീവമാക്കാം.

മാനവകുലത്തിന് രക്ഷയിലേക്കുള്ള വഴിയാണ് അവയവദാനമെന്ന ഉറച്ച ബോധ്യങ്ങൾ നമ്മുക്കു സ്വീകരിക്കാം. ●




ഛത്തീസ്ഗഡിൽ രണ്ട് കന്യാസ്ത്രീകളെ അകാരണമായി ആൾക്കൂട്ട വിചാരണ നടത്തുകയും അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചതിലും പ്രതിഷേധിച്ച് ലൂർദ്ദ് കത്തീഡ്രൽ ഇടവക പ്രതിഷേധം രേഖപ്പെടുത്തി. കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്തു. മുഖ്യപ്രഭാഷണം ശ്രീ. ജോബി കാക്കശ്ശേരി നടത്തി. അസിസ്റ്റന്റ് വികാരി റവ. ഫാ. പ്രിജോവ് വടക്കേത്തല പ്രമേയം അവതരിപ്പിച്ചു.



**O J Joycee**
Nirmalamatha Unit



# INDEPENDENCE DAY REFLECTIONS: A CALL TO ACTION

Independence Day is no longer merely a commemorative event of ritual, reminiscence, and ceremony. Significantly, it is also an occasion for introspection, valuation, and resolution. As we navigate a world marked by international conflicts, internal unrest and environmental concerns, it is crucial to reflect on our role in shaping a better future. We are no longer a standalone nation. Our destiny is intricatelyintertwined with the global community.The very meaning of the word freedom has attained profound and varied significance. It is accompanied by a massive sense of responsibility and balanced by a humanity that embraces inclusivity. We who have lost and found the value of freedom should be inspired to look beyond bygoneglories, and ask what we as Christians and the Church can do to make the world a better place.

The contributions of the Catholic Church to nation-building are profound and far-reaching, touching every vital domain, particularly education, healthcare, social welfare, moral guidance, and community development. Given the constraints of this article, the discussion will focus on two critical areas with considerable potential for improvement: future citizenrydevelopment and environmentalstewardship.

Generally, our education system has faced criticism for falling short of our expectations of nurturing and empowering students to thrive in an ever-evolving world. That draws our attention to the Catechism classes delivered so meticulously over the years. I admit I have not referenced any empirical data, but news reports featuring individuals from Christian backgrounds involved in antisocial activities or suicide attempts never cease to dismay me. It is alarming and warrants reflection on the effectiveness of our support systems and the value of education.

The late Pope Francis exhorted educators to unite our efforts in a broad educational alliance, to form mature individuals capable of overcoming division and antagonism, and to restore the fabric of relationships for the sake of a more fraternal humanity. The very essence of education is transformation, laying the foundation for the pillars of the future.

In this light, we need to evaluate our value education system for its effectiveness in fostering dynamic and responsible citizens. The Catechism program, a major conveyor belt for value education, relies heavily on traditional teaching methods such as lectures and rote memorisation, which can be dry, routine and unengaging. The focus is, by and large, on teaching doctrine and scripture rather than helping students connect with their faith on a personal level. This is certainly the primary objective of the Catechism. However, it need not be confined to that alone. Moreover, the values and principles ingrained in them often fail to translate into daily life, indicating a gap between knowledge and practice. Our youth are sadly ill-equipped with civic sense, social etiquette, and the skills necessary for responsible citizenship. The objectives of the Catechism program need to be redefined to include aspects that would mould a future generation to shoulder the pillars of this great country. There was a time when convent education was synonymous with well-brought-up girls. Let's strive for a time when Catechism is globally celebrated as a paragon of value education.

The Church must also prioritise environmental concerns such as protection, sustainability, enhancement, and disaster preparedness. By embracing the three R's (Reduce, Reuse, Recycle) and educating the laity on environmental stewardship, the Church can play a vital role in protecting our planet. The celebrations associated with all our ceremonies are so pompous and extravagant, whether it be baptism, Holy Communion, wedding, or even a funeral! Take a moment and consider the assault on the environment at a funeral with embellishments, coffins that would put Amazon packaging to shame, concrete tombs, and whatnot-Imagine a cemetery as a serene green wood, where mortal remains nourish the soil in peaceful eternal slumber.

One of the reasons that makes me proud to be a Catholic is the Church's commitment to intellectual pursuits, critical thinking and scientific enquiry. Indeed, there are research forums associated with the Church. However, there has been little deliberation on the state of affairs that are of immediate concern to society. Empirical investigations into various social and cultural aspects that impact society and affect the grooming of our young are to be expedited. Surveys on the goals and outcome of the Catechism program, the state of elders in our community, age-old customs and traditions that hinder progress, the ways of harmonious and flourishing families, marriage & divorce, among other topics, might open up new avenues for change and improvement. The Church should collaborate with Catholic institutions to pioneer such

research and developmental activities.

My refrain for the moment is, what can we do to live up to the expectations of our freedom fighters and deserve the freedom they attained for us? Isn't it ironic that decades after the British left India, many of our youth are now heading to the West for a better life?? My clarion call for the moment is let's re-examine our priorities and practices to ensure they align with the values and principles bequeathed to us by Christ our Lord. By doing so, we can honour the legacy of our freedom fighters and build a brighter future for generations to come.

# കുടുംബ കൂട്ടായ്മ ജനറൽ ബോഡി 10/08/2025

നമ്മുടെ ഇടവകയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട കുടുംബകൂട്ടായ്മ ഭാരവാഹികളുടെ ജനറൽ ബോഡി മീറ്റിംഗ്, 2025 ആഗസ്റ്റ് 10 – ാം തിയതി, (ഞായറാഴ്ച്ച) രാവിലെ 8.45 ന് ജൂബിലി ഹാളിൽ വെച്ച് കൂടുന്നതാണ്. കുടുംബകൂട്ടായ്മ കേന്ദ്രസമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് ഈ യോഗത്തിൽ വെച്ച് നടത്തുന്നതാണ്. എല്ലാ കുടുംബ കൂട്ടായ്മകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ. (പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് (2) സെക്രട്ടറി, ജോ. സെക്രട്ടറി (2) ട്രഷറർ) ഈ മീറ്റിംഗിൽ സംബന്ധിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

## ഇടവക ഇലക്ഷൻ

1. ജനറൽ ബോഡിയിൽ നിന്നാണ് ഇടവക കേന്ദ്രസമിതി ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടത്.
2. താഴെ പറയുന്ന സ്ഥാനങ്ങളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കേണ്ടത്. കൺവീനർ, ജോ. കൺവീനർ (1 പുരുഷൻ), ജോ. കൺവീനർ (1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1 പുരുഷൻ), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.
3. തിരഞ്ഞെടുക്കപ്പെടുന്ന 7 ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 18 – 30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജന പ്രതിനിധിയായിരിക്കേണ്ടതാണ്.
4. ഒരു യൂണിറ്റിൽ നിന്നും ഒന്നിൽ കൂടുതൽ ഭാരവാഹികൾ ഉണ്ടായിരിക്കരുത്.
5. ചെയർമാൻ (വികാരി) കുടുംബകൂട്ടായ്മ ഇടവക ജനറൽ ബോഡിയിൽ നിന്ന് 2 പേരെ പ്രവർത്തക സമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യേണ്ടതാണ്.
6. ഭാരവാഹികളുടെ കാലാവധി 3 വർഷമായിരിക്കും.
7. സാധാരണ നിലയിൽ ഒരു വ്യക്തിക്ക് ഒരേ തസ്തികയിൽ 2 ടേമിൽ കൂടുതൽ തുടർച്ചയായി ഭാരവാഹിയായി തുടരാൻ അനുവാദമില്ല.

ഇടവക കുടുംബകൂട്ടായ്മ, കേന്ദ്രസമിതി ഇലക്ഷൻ കഴിഞ്ഞാൽ എല്ലാ കുടുംബ കൂട്ടായ്മകളിലേയും ഭാരവാഹികളുടെ പൂർണ്ണമായ മേൽവിലാസം ഫോൺ നമ്പർ സഹിതം രേഖപ്പെടുത്തി അതിരൂപത ഓഫീസിൽ 2025 ആഗസ്റ്റ് 31 ന് മുൻപായി എത്തിക്കേണ്ടതാണ്.

2025 സെപ്റ്റംബർ/ ഒക്ടോബർ മാസങ്ങളിലാണ് ഫൊറോന കേന്ദ്രസമിതി തിരഞ്ഞെടുപ്പ് നടക്കുന്നത്.

2025 ഡിസംബർ മാസത്തിൽ അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് നടക്കുന്നതാണ്.

കുടുംബകൂട്ടായ്മകളുടെയും ഇടവകയുടെയും നേതൃത്വ ശുശ്രൂഷകൾക്ക് ദൈവം ആഗ്രഹിക്കുന്ന വ്യക്തികളെ തിരഞ്ഞെടുക്കുവാൻ നമുക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

കവിത



# എന്റെ നല്ല അമ്മ

ഇതാ നിൻ ദാസിയെന്നൊരേയൊരു വാക്കിനാൽ
പാരിന് രക്ഷ പകർന്നൊരമ്മേ
ദൈവഹിതത്തിനായ് കീഴ്വഴങ്ങീടുവാൻ
നിൻ സുതർക്കായെന്നും യാചിക്കണെ
കാലിത്തൊഴുത്തിലായ് കാരുണ്യനാഥന്
പാവനജന്മമേകിയൊരമ്മേ
താഴ്മതൻ പാതയിൽ എന്നും ചരിച്ചിടാൻ
പാപികൾ ഞങ്ങൾക്കായ് പ്രാർത്ഥിക്കണെ.
തിരുനാളിൽ നാഥനെ കാണായ്കയാലമ്മ
പിടയുന്ന മനമോടെ തേടിയല്ലൊ
ഒരു നാളും നാഥനെ പിരിയാതിരിക്കുവാൻ
കൃപയേകിടേണമെ അമ്മ മേരി.
കാനായിൽ തൻ തിരു പുത്രനോടന്നു നീ
മാലകറ്റീടുവാൻ ചൊല്ലിയില്ലെ
പാരിലെ ദുഃഖങ്ങൾ പേറിടും ഞങ്ങൾക്ക്
നീ തുണയായെന്നും വന്നിടണെ.
കുരിശിൻ ചുവട്ടിലായ് നാഥന്റെ ചാരെയായ്
സഹരക്ഷകയായന്നു നിന്നൊരമ്മേ
സഹനത്തിൻ ചൂളയിൽ ഉരുകുന്ന നേരത്ത്
സഹചർക്കായ് പ്രാർത്ഥന നൽകിടേണേ.
ഇതാ നിന്നമ്മയെന്നൊരേയൊരു വാക്കിനാൽ
പാരിതിന്നമ്മയായ് തീർന്നവളെ
താണുവണങ്ങുന്നു സ്വർലോകരാജ്ഞി നിൻ
പാദാന്തികത്തിൽ നൽപൂക്കളുമായ്.

റോഷൻ
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്



ജസ്റ്റിൻ ജോസഫ്
നീലങ്കാവിൽ



# ഫോട്ടോഗ്രാഫി എന്ന കല

നാം നമ്മുടെ ജീവിതത്തിൽ പല അവസരങ്ങളിലും ഫോട്ടോ എടുക്കാറുണ്ട്. ജനനം, മാമോദീസ, ആദ്യകുർബ്ബാനസ്വീകരണം, വിവാഹം, മരണം എന്നീ എല്ലാ അവസരങ്ങളും പിന്നീട് ഓർമ്മിക്കാൻ സാധാരണ മനുഷ്യനെ സഹായിക്കുന്ന ഒന്നാണ് ഫോട്ടോഗ്രാഫി. ഫോട്ടോഗ്രാഫി എന്ന സാങ്കേതികവിദ്യയ്ക്ക് ശാസ്ത്രീയവും വ്യവസായികവുമായ പല ഉപയോഗങ്ങളുണ്ട്. ആരോഗ്യരംഗത്ത് നാം ഉപയോഗിക്കുന്ന എക്സ്റേ, സ്കാനിങ്ങ് മുതലായ ഫോട്ടോഗ്രാഫിയുടെ വിവിധ ഉപയോഗങ്ങളാണ് വീഡിയോ, സിനിമ മുതലയാവയെല്ലാം ഫോട്ടോഗ്രാഫിയുടെ വികസിത രൂപങ്ങളാണ്. ഇവയെല്ലാം നാം വിദ്യാഭ്യാസ മേഖലയിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു.

**ഫോട്ടോഗ്രാഫി എന്ന കല**

മനുഷ്യന്റെ ചിന്തകളും പ്രകൃതിയിലെ യാഥാർത്ഥ്യങ്ങളും മനുഷ്യന് ഇന്ദ്രിയങ്ങൾ കൊണ്ട് അനുഭവിക്കാവുന്ന വിധത്തിൽ രൂപപ്പെടുത്തുന്നതാണ് കല. വിശാലമായ അർത്ഥത്തിൽ മനുഷ്യന്റെ എല്ലാ തൊഴിലും കലയാണ്. അമ്മമാർ വീട്ടിൽ ഭക്ഷണം പാകം ചെയ്യുമ്പോൾ അരിയും ഗോതമ്പും പച്ചക്കറിയുമെല്ലാം നാവ് എന്ന ഇ്ദ്രിയത്തിന് രുചികരമായി മാറുന്നു. ആശാരി മരത്തെ വിവിധ ഉപകരണങ്ങളാക്കി മാറ്റി മനുഷ്യന് ഉപയോഗിക്കാൻ പര്യാപ്തമാക്കുന്നു. ഒരു സിനിമാ സംവിധായകൻ ഒരു കഥയെ കണ്ണിനും കാതിനും അനുഭവിക്കാവുന്ന വിധത്തിൽ രൂപപ്പെടുത്തുന്നു. ഒരു ചിത്രകാരൻ പ്രകൃതിയിൽ കാണുന്ന ചേതനവും അചേതനവുമായ വസ്തുക്കളെ ചിത്രത്തിലാക്കുന്നു. ചിത്രകലയുടെ മറ്റൊരു രൂപമാണ് ഫോട്ടോഗ്രാഫി.

ചിത്രകലയിൽ ആദ്യം കാണുന്നത് പോത്ത്, കാള മുതലായ മൃഗങ്ങളുടെ രേഖാചിത്രങ്ങളാണ്. പ്രസ്തുത ചിത്രങ്ങൾ പിന്നീട് ലിപികളായി മാറി. ചൈനക്കാർ ഇപ്പോഴും ചിത്രലിപികളാണ് ഉപയോഗിക്കുന്നത്.



